**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 746** **11-06-2024 - ൽ മറുപടിയ്ക്ക്**

**അടിവാരം സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | താമരശ്ശേരി അടിവാരത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | താമരശ്ശേരി അടിവാരത്ത് ഒരു 110 കെവി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി 28.10.2021-ന് കെ.എസ്.ഇ.ബി ലിമിറ്റഡിൽ ഭരണാനുമതി നല്കിയിട്ടുള്ളതാണ്. പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് കണ്ടെത്തിയ സ്ഥലം LARR ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും 09.04.2022-ൽ അനുമതിയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത രേഖകൾ കോഴിക്കോട് ജില്ലാ കലക്ടർക്ക് 14.06.2022 ന് തുടർ നടപടികൾക്കായി സമർപ്പിച്ചത് പ്രകാരം, ഗവൺമെന്റ് ഗസറ്റ് നോട്ടിഫിക്കേഷൻ 16.05.2024ന് പ്രസിദ്ധീകരിച്ചു. LARR Act പ്രകാരം ഗവൺമെൻറ് നിശ്ചയിച്ച സ്ഥല വിലയായ 2.22 കോടി രൂപ 14.04.2024-ന് റവന്യൂ ഡിപ്പാർട്ട്മെന്റിൽ ഒടുക്കിയിട്ടുണ്ട്. തുടർനടപടികൾ സ്പെഷ്യൽ തഹസിൽദാർ, ലാൻഡ് അക്വിസിഷൻ, കൊയിലാണ്ടി ഓഫീസിൽ നടന്നുവരികയാണ് |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | സ്ഥലം കൈമാറി കിട്ടുന്ന മുറയ്ക്ക് 2024 ആഗസ്റ്റ് മാസത്തിൽ സബ്സ്റ്റേഷൻ നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ